പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2452 — 19.07.2016 ൽ മറുപടിക്ക്

## ജലഗതാഗത സൗകര്യങ്ങൾ വിപുലീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത സൗകര്യങ്ങൾ കൂടുതൽ വിപുലമാക്കുന്നത് ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | ജലഗതാഗത സൗകര്യങ്ങൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്ന ബോട്ടുകൾ മാറ്റി പുതിയ ആധുനിക ബോട്ടുകൾ വാങ്ങുന്നതിനും, നിലവിലുള്ളവ കാര്യക്ഷമമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ടൂറിസം മേഖലയിലെ സാദ്ധ്യതകൾ കൂടി സർവ്വീസുകളിൽ പ്രയോജനപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ, സീ-കുട്ടനാട് എന്നിങ്ങനെ മൂന്ന് സർവ്വീസുകൾ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി നടത്തി വരുന്നു. ഇതിനു പുറമേ വൈക്കം-എറണാകുളം, കോട്ടയം-കുമരകം എന്നിങ്ങനെ രണ്ട് പുതിയ സർവ്വീസുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇന്ത്യയിൽ തന്നെ ആദ്യമായി സൗരോർജ്ജം കൊണ്ടു പ്രവർത്തിക്കുന്ന ഒരു യാത്രാ ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇല്ലെങ്കിൽ ജലഗതാഗത സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും ഇതിലൂടെ നിരത്തുകളിലെ തിരക്കുകൾ കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കാമോ എന്ന വ്യക്തമാക്കാമോ; | (സി) | റോഡ് ഗതാഗതം വഴിയുള്ള തിരക്ക് കുറക്കുന്നതിന്റെ ഭാഗമായി ജലമാർഗ്ഗം വഴി ദൂരം കുറവുള്ള റൂട്ടുകൾ കേന്ദ്രീകരിച്ച് സംസ്ഥാന ജലഗതാഗത വകുപ്പ് ഫെറി, സർക്കുലർ സർവ്വീസുകൾ ഫലപ്രദമായി നടത്തി വരുന്നു. വൈക്കം-തവണക്കടവ്, ഫോർട്ടുകൊച്ചി-മട്ടാഞ്ചേരി, വൈറ്റില-കാക്കനാട് എന്നീ സർവ്വീസുകൾ ഇത്തരത്തിലുള്ളവയാണ്. കരമാർഗ്ഗം ഏകദേശം 15 കിലോമീറ്ററോളം സഞ്ചരിക്കേണ്ട വൈക്കം-തവണക്കടവ് റൂട്ടിൽ ജലമാർഗ്ഗേണ 4 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള ഫെറി സർവ്വീസ് നടത്തി വരുന്നു. ഫോർട്ടുകൊച്ചി-വൈപ്പിൻ-മട്ടാഞ്ചേരി എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റോഡ് മാർഗ്ഗമുള്ള യാത്രാക്ലേശം ഒഴിവാക്കി എറണാകുളം സിറ്റിയുമായി ബന്ധപ്പെടുന്നതിന് സർക്കുലർ സർവ്വീസുകൾ സഹായിക്കുന്നു. വൈറ്റില-കാക്കനാട് സർവ്വീസ് മുഖേന ഏകദേശം 20 മിനിറ്റ് മാത്രം കൊണ്ട് ഇൻഫോപാർക്ക് മുതലായ ഗതാഗത തിരക്കേറിയ പ്രദേശങ്ങളിലേക്ക് കരമാർഗ്ഗമുള്ള തിരക്ക് മറികടന്ന് എത്തിച്ചേരുന്നതിന് സംസ്ഥാന ജലഗതാഗത വകുപ്പ് വക ബോട്ടു സർവ്വീസുകൾ സഹായിക്കുന്നു. നിലവിൽ ആറ് പാസഞ്ചർ-കം-വെഹിക്കിൾ കാരിയർ ബോട്ടുകൾ യാത്രക്കാർക്കു ഗുണകരമായ വിധത്തിൽ സർവ്വീസുകൾ നടത്തി വരുന്നു. എട്ട് ബൈക്കുകൾ കയറ്റാവുന്ന ടി ബോട്ടുകൾ നിരത്തുകളിലെ തിരക്കുകൾ കുറക്കുന്നതിന് സഹായിക്കുന്നു. |

സെക്ഷൻ ഓഫീസർ